"ഭരണഭാഷ-മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. കെ.എസ്. സയ്യദ് മുഹമ്മദ് (റിട്ട. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ), ശ്രീ. പി.എ. സെബാസ്റ്റ്യൻ (റിട്ട. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) എന്നിവർ ഫയൽ ചെയ്ത OA 339/2019 - 21.02.2019-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1634/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 30.07.2019.**

---

പരാമർശം: 1) 13.12.2018-ലെ ശ്രീ. പി.എ. സെബാസ്റ്റ്യൻ സമർപ്പിച്ച അപേക്ഷ. (Annexure A8(a))

2) 19.12.2018-ലെ ശ്രീ. കെ.എസ്. സയ്യദ് മുഹമ്മദ് സമർപ്പിച്ച അപേക്ഷ. (Annexure A8(b))

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 339/2019-ന്മേലുള്ള 21.02.2019-ലെ ഉത്തരവ്.

4) ഗ്രാമവികസന കമ്മീഷണറുടെ 20.05.2019-ലെ 5508/എസ്റ്റാ.ബി1/19/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ റിട്ടയേർഡ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായ ശ്രീ. കെ.എസ്. സയ്യദ് മുഹമ്മദും, ശ്രീ. പി.എ.സെബാസ്റ്റ്യനും 16.02.2011-ലെ സ്പെഷ്യൽ റൂൾ തങ്ങൾക്ക് ബാധകമാക്കരുതെന്നും, തങ്ങളുടെ പ്രൊബേഷൻ കാലയളവ് ഒരു വർഷമാക്കിക്കൊണ്ട് പ്രൊബേഷൻ പ്രഖ്യാപിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലെ ഹയർ ഗ്രേഡും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 339/2019 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ടിയാളുകൾ സർക്കാരിൽ പരാമർശം (1), (2) പ്രകാരം അപേക്ഷയും സമർപ്പിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)-ലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം വിധി പുറപ്പെടുവിച്ചു.

"The Original Application is disposed of directing the first respondent to consider and pass appropriate orders on Annexure A8(a) & Annexure A8(b) representations in accordance with law and after affording an opportunity of personal hearing to the applicant, within a period of three months from the date of receipt of a copy of this order."

ഗ്രാമ വികസന കമ്മീഷണറുടെ 05.06.2010-ലെ 13868/Estt.B1/10/CRD നടപടിക്രമം പ്രകാരം ശ്രീ.കെ.എസ്.സയ്യദ് മുഹമ്മദ്, ശ്രീ. പി.എ. സെബാസ്റ്റ്യൻ എന്നിവർക്ക് കെ.എസ്.&എസ്.എസ്.ആർ പാർട്ട് 2 റൂൾ 9 (എ)(i) പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി നിയമനം നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് 05.06.2010 തീയതി പ്രാബല്യത്തിൽ കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 31(എ)(i) പ്രകാരമുള്ള താത്കാലിക സ്ഥാനക്കയറ്റമായി ഭേദഗതി ചെയ്ത് പിന്നീട് ഉത്തരവായിരുന്നു. ശ്രീ. കെ.എസ്. സയ്യദ് മുഹമ്മദും ശ്രീ. പി.എ.സെബാസ്റ്റ്യനും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വിഭാഗത്തിൽപ്പെട്ടവരായതിനാൽ അംഗീകൃത cadre strength-ൽ ഒഴിവ് നിലവിൽ വന്ന തിയതിയായ 29.12.2012 പ്രാബല്യത്തിൽ ശ്രീ. കെ.എസ്. സയ്യദ് മുഹമ്മദിന്റെയും 01.10.2013 തീയതി

പ്രാബല്യത്തിൽ ശ്രീ. പി.എ.സെബാസ്റ്റ്യന്റെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ക്രമീകരിച്ച് ഉത്തരവാകുകയും, യഥാക്രമം 29.12.2014, 01.10.2015 തീയതിവച്ച് രണ്ടുപേരുടെയും നിരീക്ഷണകാലം പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു എന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ സീനിയർ ഗ്രേഡ് അനുവദിക്കുന്നത് ആകെ തസ്തികയുടെ 2:1 എന്ന അനുപാതത്തിലാണ്. ജൂനിയർ സൂപ്രണ്ട് തസ്തികയുടെയും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയുടെയും cadre strength വ്യത്യസ്തമായതിനാലും പ്രസ്തുത വിഭാഗത്തിൽ തുടരുന്നവരുടെ വിരമിക്കൽ/സ്ഥാനക്കയറ്റം തുടങ്ങിയവയിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ വ്യത്യസ്തമായതിനാലും അപേക്ഷകർ കൂടുതൽ കാലം താത്കാലിക പ്രൊമോഷൻ തസ്തികയിൽ തുടർന്നു എന്നത് സ്വാഭാവികമാമാണ് എന്നും, ഇവർ യഥാക്രമം 31.05.2015-ലും 31.01.2016-ലും വിരമിച്ചിട്ടുള്ളതും പ്രസ്തുത തീയതിയിൽ സീനിയർ ഗ്രേഡ് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ഇവർക്ക് സീനിയർ ഗ്രേഡ് അനുവദിക്കുന്നതിന് നിർവാഹമില്ലായെന്നും പരാമർശം (4) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

പരാമർശം (3)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 339/2019-ന്മേലുള്ള 21.02.2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.05.2019-ൽ അണ്ടർ സെക്രട്ടറി അപേക്ഷകരെ നേരിൽകേട്ടു. നേരിൽകേട്ട വേളയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി അപേക്ഷകർ സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരാണെന്നും പിന്നീട് ജനറൽ എക്സ്റ്റൻഷൻ ഓഫീസർമാരായും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായും പ്രൊമോട്ട് ചെയ്തിരുന്നു എന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായി ജോലിയിൽ തുടരവെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായി 05.06.2010-ലെ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവ് പ്രകാരം പ്രൊമോട്ട് ചെയ്യുകയും പിന്നീട് അവർ ആ തസ്തികയിൽ നിന്നും റിട്ടയർ ചെയ്തു എന്നും ഇവരുടെ പ്രൊമോഷൻ ഓർഡർ കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 9 (എ)(i) പ്രകാരമായിരുന്നുവെന്നും ഈ റൂൾ പ്രകാരം നിയമനാധികാരിക്ക് ഒരു ഉദ്യോഗസ്ഥനെ താല്ക്കാലികമായി അടിയന്തര ഘട്ടങ്ങളിൽ പ്രൊമോട്ട് ചെയ്ത് നിയമിക്കാവുന്നതാണെന്നും അപേക്ഷകർ അറിയിച്ചു. കൂടാതെ അപേക്ഷകരുടെ പ്രൊമോഷൻ കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 31 (എ)(i) പ്രകാരം മാറ്റി ഉത്തരവായി എന്നും പ്രൊമോഷൻ നൽകുന്നതിന് വളരെയധികം കാലതാമസം ഉണ്ടെങ്കിൽ ഈ റൂൾ പ്രകാരം നിയമനാധികാരിക്ക് ഏതൊരു വ്യക്തിയേയും പ്രൊമോട്ട് ചെയ്ത് നിയമിക്കാമെന്നും അവകാശപ്പെട്ടു. സ.ഉ.(പി) 44/2011/തസ്വഭവ സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 16.02.2011-ലാണെന്നും അപേക്ഷകരെ പ്രൊമോട്ട് ചെയ്തത് 5.6.2010-ലാണെന്നും അറിയിച്ചു. ആയതിനാൽ officiating capacity-യിലാണ് അവർക്ക് പ്രൊമോഷൻ നൽകിയതെന്നും പ്രൊമോഷൻ നൽകിയ കാലയളവിലെ സ്പെഷ്യൽ റൂൾ അവർക്ക് ബാധകമെന്നതിനാൽ പ്രസ്തുത തസ്തികയിൽ ശ്രീ.സെബാസ്റ്റ്യൻ ജോലിയിൽ പ്രവേശിച്ച തീയതിയായ 30.06.2010 മുതൽ ഒരു വർഷം കഴിയുന്ന 30.06.2011 FN-ന് പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതാണെന്നും ശ്രീ.സയ്യദ് മുഹമ്മദിന് 15.06.2010 മുതൽ ഒരു വർഷം കഴിയുന്ന 15.06.2011 FN-ന് പ്രൊബേഷൻ ഡിക്ലയർ ചെയ്യണമെന്നും വാദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും, ഹയർ ഗ്രേഡും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 (എ)(i) പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്ന ഒരു ഉദ്യോഗസ്ഥന് ഇപ്രകാരം ലഭിക്കുന്ന താൽക്കാലിക സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഈ തസ്തികയിലേയ്ക്ക് എന്തെങ്കിലും തരത്തിലുള്ള മുൻഗണനയോ, ഭാവിയിലെ ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിലേയ്ക്കായി എന്തെങ്കിലും തരത്തിലുള്ള വിശേഷാൽ അവകാശമോ സിദ്ധിക്കുന്നതല്ല.

താൽക്കാലിക സ്ഥാനക്കയറ്റം വഴി ഉയർന്ന തസ്തികയിൽ ജോലി നോക്കുമ്പോഴും ടി ഉദ്യോഗസ്ഥൻ ഫീഡർ കാറ്റഗറിയിലെ അംഗം തന്നെയാണ്. ക്രമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് യഥാസമയം കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 28-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരമുള്ള റഗുലർ പ്രൊമോഷൻ നടത്താൻ കഴിയാതെ വരുന്ന സന്ദർഭത്തിലാണ് പൊതുജനതാല്പര്യാർത്ഥം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് തേടിയ ശേഷം Change of duty ഉള്ള ഉയർന്ന തസ്തികയിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ സീനിയോറിറ്റി മാനദണ്ഡമാക്കി കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 (എ)(i) പ്രകാരമുള്ള താൽക്കാലിക പ്രൊമോഷൻ നടത്തി വരുന്നത്. എന്നാൽ ചട്ടം 31 (ഡി) പ്രകാരം ഇപ്രകാരം താല്ക്കാലിക പ്രൊമോഷൻ ലഭിച്ചവരെ ടി പ്രൊമോഷൻ തസ്തികയിലെ പ്രൊബേഷണറായോ, അംഗീകൃത പ്രൊബേഷണറായോ, സ്ഥിരം ജീവനക്കാരനായോ കണക്കാക്കാൻ പാടില്ല.

ഈ കേസിൽ, ശ്രീ.കെ.എസ്.സയ്യദ് മുഹമ്മദും ശ്രീ.പി.എ.സെബാസ്റ്റ്യനും യഥാക്രമം 29.12.2012, 01.10.2013 തീയതികളിലാണ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി റഗുലർ നിയമനം ലഭിക്കുന്നത്. ആയതിനാൽ 16.02.2011-ലെ സ.ഉ(പി)നം.44/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന വിശേഷാൽ ചട്ടം ടിയാളുകൾക്ക് ബാധകമാണ്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 28 (എ)(iii) പ്രകാരം വിശേഷാൽ ചട്ടത്തിലോ എക്സിക്യൂട്ടീവ് ഉത്തരവിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനം വഴിയോ തസ്തികമാറ്റം വഴിയോ നിയമനം ലഭിച്ചിട്ടുള്ള വ്യക്തികളുടെ പ്രൊബേഷൻ കാലാവധി തുടർച്ചയായ മൂന്നു വർഷത്തിനുള്ളിലെ രണ്ടു വർഷത്തെ ഡ്യൂട്ടി കാലാവധി ആണ്.

മേൽ സാഹചര്യത്തിൽ, ശ്രീ.കെ.എസ്.സയ്യദ് മുഹമ്മദിന്റെയും ശ്രീ.പി.എ.സെബാസ്റ്റ്യന്റെയും നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ശ്രീ. കെ.എസ്.സയ്യദ് മുഹമ്മദ്, സ്റ്റെല്ല ഹോംസ്, ചർച്ച് റോഡ്, തൈക്കൂടം, വൈറ്റില, എറണാകുളം-682 019.

ശ്രീ.സെബാസ്റ്റ്യൻ പി.എ., പാമ്പാറയിൽ ഹൗസ്, തുടങ്ങനാട് പി.ഒ., തൊടുപുഴ-685 587.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ